




**മാർക്സിസം എത്രത്തോളം ശരിയാണെന്ന് ഗാന്ധിസത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കുന്നു**

**വിജയരാഘവൻ ചേലിയ**

## ഗാന്ധി മാർക്സ് ലോഹ്യ

# നാഗരികതയുടെ രാഷ്ട്രീയം

*കേരളത്തിലെ പുതിയ ചുവരെഴുത്തുകൾ ഇങ്ങനെയാണ്, 'മാർക്സാണ് ശരി'. ഇത് രണ്ട് ചോദ്യങ്ങൾ ഉയർത്തുന്നു. ഒന്ന്, എങ്കിൽ എന്തുകൊണ്ട് ഈ ലോകം കൂടുതൽ ദുരിതപൂർണ്ണമായി? രണ്ട്, മറ്റ് ചിന്തകളൊക്കെ തെറ്റാണെന്നാണോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ മാർക്സ് എത്രത്തോളം ശരിയാണെന്ന് അന്വേഷിക്കുകയാണ് വേണ്ടത്.*

ഒരു പ്രസ്ഥാനം അഥവാ ഒരു സംഘടന അത് മതമോ രാഷ്ട്രീയപാർട്ടിയോ ആകട്ടെ, വിലയിരുത്തപ്പെടേണ്ടത് അതുയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെയും പ്രവർത്തനരീതികളെയും അടിസ്ഥാനമാക്കിയാണ്. അല്ലാതെ എഴുതിവെയ്ക്കപ്പെട്ട തത്വങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല. മതങ്ങൾ സനാതനങ്ങളായ ഒട്ടേറെ മൂല്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ പരാജയപ്പെടുന്നു. മതത്തിന്റെ കാര്യത്തിൽ അതിന്റെ ആശയങ്ങൾ അശാസ്ത്രീയമായതുകൊണ്ടാണെന്ന് വിമർശകർ വിലയിരുത്താറുണ്ട്. എന്നാൽ ആശയവാദികളോ ഭൗതികവാദികളോ ആയ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ സ്ഥിതിയും മറിച്ചല്ല. മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ പരിമിതികളെ രക്ഷോപായമായി ഉപയോഗിക്കുന്നു. പ്രയോഗത്തിലെ പാളിച്ചകളാണ് അല്ലാതെ തത്വങ്ങളുടെ, പ്രത്യയശാസ്ത്രങ്ങളുടെ പരിമിതികളല്ല പരാജയകാരണമെന്ന് അവർ വാദിക്കുന്നു. മാർക്സ് ആണ് ശരിയെന്ന വാദം പുനരുജ്ജീവിപ്പിച്ചുകൊണ്ടുള്ള ചുവരെഴുത്തുകൾ പരോക്ഷമായി ഇതുതന്നെ ആവർത്തിക്കുന്നു.

മാർക്സിനെയും ഗാന്ധിയെയും താരതമ്യം ചെയ്യുമ്പോൾ മേൽപറഞ്ഞ നിരീക്ഷണങ്ങൾക്ക് കൂടുതൽ പ്രസക്തിയുണ്ട്. മാർക്സ് യൂറോപ്പിന്റെ വേദനകൾക്ക് കാരണം ഫ്യൂഡലിസത്തിന്റെ, മുതലാളിത്വത്തിന്റെ ചെയ്തികളാണെന്ന് കരുതി. തൊഴിലാളിവർഗ്ഗത്തിന്റെ സംഘടിതവും ധിഷണാപരവുമായ രാഷ്ട്രീയ ഇടപെടലുകളിലൂടെ അത് മാറ്റി തീർക്കാമെന്ന് വിശ്വസിച്ചു. വിപ്ലവത്തെക്കുറിച്ചുള്ള മാർക്സിന്റെ കാഴ്ച ഉത്പാദന ബന്ധങ്ങളുടെ തകർച്ചയെ മാത്രം ആവശ്യപ്പെടുന്നു. ഉത്പാദനശക്തികളുടെ പൊളിച്ചെഴുത്ത് അഥവാ തകർക്കൽ ആവശ്യപ്പെടുന്നില്ല. ഗാന്ധിയാവട്ടെ ഉത്പാദനബന്ധങ്ങളുടെ കാര്യത്തിലും ഉത്പാദന ശക്തികളുടെ കാര്യത്തിലും നില

വിലുള്ള അവസ്ഥയെ പൂർണ്ണമായും നിരാകരിക്കുന്നു. ഇവിടെയാണ് മാർക്സും ഗാന്ധിയും അടിസ്ഥാനപരമായി വിയോജിക്കുന്നത്.

ഇത് നാഗരികതയുടെ രാഷ്ട്രീയ സമസ്യയാണ്. യൂറോപ്പിന്റെ നാഗരികതയാണ് മാർക്സിന്റെ ചിന്തകളെ രൂപപ്പെടുത്തിയത്. അതേ നാഗരികതയുടെ ഉത്പന്നമാണ് മുതലാളിത്തവും. ഈ സമാനതകൾ മാർക്സിനെ എത്രമേൽ ദുർബലനാക്കിയിട്ടുണ്ടെന്ന് ഡോ: രാംമനോഹർ ലോഹ്യ നിരീക്ഷിക്കുന്നു, നിലവിലിരിക്കുന്ന നാഗരികതയുടെ നായകന്മാർ പിന്നീട് വരുന്ന നാഗരികതയുടെ മുന്നോടികളാവാൻ വിധിക്കപ്പെട്ടിട്ടില്ല. ഓരോ നാഗരികതയിലും ചില പ്രത്യേക ഉത്പാദന രീതികൾ, ചില വ്യക്തമായ പ്രക്രിയകൾ രൂഢമൂലമാകുന്നു. അത്തരം ഉത്പാദന രീതികൾക്കും ചിന്താധാരകൾക്കും പുതുതായി ഉണ്ടാകുന്ന സ്ഥിതിവിശേഷങ്ങളെ നേരിടുന്നതിന് കഴിവില്ല. അവയെ നേരിടുന്നതിന് മനുഷ്യൻ അശക്തനാണ്. ഇന്നത്തെ ഉത്പാദന രീതികൾ അത്രയേറെ വേരുറച്ചിരിക്കുന്നു. അവയുടെ ചുറ്റുമാണ് മനുഷ്യൻ മുഴുവൻ ഗോപുരവും പണിതുയർത്തിയിരിക്കുന്നത്. ആ വഴി ഉപേക്ഷിച്ച് പുതിയ ഒരു പാത സ്വീകരിക്കാൻ മനുഷ്യബുദ്ധിക്ക് കഴിവില്ല എന്നതാണ് ദുഃഖസത്യം. കമ്മ്യൂണിസം ആഫ്രോ-ഏഷ്യൻ സമൂഹങ്ങൾക്കെതിരെയുള്ള യൂറോപ്പിന്റെ ഒടുവിലത്തെ ആയുധമാണെന്നും ലോഹ്യ കൂട്ടിച്ചേർത്തു.

മാർക്സിന്റെ മറ്റൊരു പരിമിതി കൂടി ലോഹ്യ ചൂണ്ടികാണിക്കുന്നു. മനുഷ്യ ചരിത്രത്തിലുടനീളം വർഗ്ഗ സമരങ്ങൾ നടന്നിരുന്നു. ആ വർഗ്ഗ സമരങ്ങളുടെ യഥാർത്ഥ പ്രവർത്തന രീതി മനസ്സിലാക്കണം. എല്ലാ കാലഘട്ടങ്ങളിലും ആഭ്യന്തരമായ അസമത്വം ഉണ്ടായിരുന്നു അത് വിവിധ മാർഗ്ഗങ്ങളിലൂടെ പ്രത്യക്ഷമായി. ആഭ്യന്തരമായി വർഗ്ഗങ്ങൾ തമ്മിലുള്ള സമരം ബാഹ്യമായി രാജ്യങ്ങൾ തമ്മിലുള്ള സമരവുമായി ഒരുമിച്ചു പോയി. ആഭ്യന്തരവും ബാഹ്യവുമായ സമരങ്ങളുടെ ഈ രണ്ട് ഘടകങ്ങളെക്കുറിച്ച് ആർണോൾഡ് ടോയൻബി വിശദീകരിക്കുന്നു. ആഭ്യന്തര പ്രോലിറ്റേറിയനും ബാഹ്യ പ്രോലിറ്റേറിയനും തമ്മിലുള്ള ഈ വേർതിരിവ് മാർക്സ് വേണ്ടത്ര ശ്രദ്ധിച്ചില്ല.



ഇത് കുറച്ചുകൂടി തെളിച്ചു പറയാം. മാർക്സിനു ശേഷം ലെനിൻ സാമ്രാജ്യത്വത്തെ മുതലാളിത്വത്തിന്റെ വികാസഘട്ടമായാണ് വിലയിരുത്തിയിട്ടുള്ളത്. എന്നാൽ ലങ്കാഷെയറിന്റെയും, മാഞ്ചസ്റ്ററിന്റെയും നിർമ്മിതിപോലും ഇന്ത്യ അടക്കമുള്ള കോളനി രാജ്യങ്ങളിൽ നിന്നും കടത്തികൊണ്ടു പോയ വിത്തു പണം കൊണ്ടാണെന്നത് കാണാതെ പോകുകയും ചെയ്യുന്നു. യൂറോപ്യൻ മുതലാളിത്തം ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങളുടെ ചെലവിലാണ് വികസിക്കുന്നത്. ആ അർത്ഥത്തിൽ മുതലാളിത്വവും സാമ്രാജ്യത്തവും കൂടെപ്പിറപ്പുകളാണെന്ന് നിരീക്ഷിക്കാം. സാമ്രാജ്യത്വ രാഷ്ട്രങ്ങളിലെ തൊഴിലാളിക്കു കിട്ടുന്ന കൂലിക്കൂടുതൽ കോളനി രാജ്യങ്ങളിലെ തൊഴിലാളികളുടെ വിയർപ്പിന്റെ വിലകൂടിയാണ്. ബ്രിട്ടണിലെ ലോക്കോമോട്ടീവ് വ്യവസായം ശക്തിപ്പെടുത്താൻ ഇന്ത്യയുടെ വനം നശിപ്പിക്കപ്പെട്ടത് കൂടിയോർക്കുക. ഈ ചൂഷണത്തിന് വേണ്ടിയാണ് നമ്മുടെ റെയിൽവെ പോലും നിർമ്മിക്കപ്പെട്ടത്.

ഗാന്ധിയുടെ നാഗരികതാ സങ്കൽപ്പം മാർക്സിൽ നിന്നും വ്യത്യസ്തമാണ്. മാർക്സിനോളം നിലവിലുള്ള നാഗരികതയാൽ നിയന്ത്രിക്കപ്പെടാതിരിക്കാൻ ഗാന്ധിക്ക് കഴിഞ്ഞതിന് ചരിത്രത്തിന്റെ ആനുകൂല്യമുണ്ട്. ഇന്ത്യയുടെ പ്രാചീന നാഗരികതയുടെ സ്വാഭാവികമായ വളർച്ചയെ തടസ്സപ്പെടുത്തിക്കൊണ്ട് ബ്രിട്ടീഷുകാർ അവരുടെ നാഗരികത അടിച്ചേൽപ്പിക്കുന്ന ഘട്ടത്തിലാണ് ഗാന്ധിയുടെ രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. വിദ്യാഭ്യാസം, ഉത്പാദനം തുടങ്ങി എല്ലാ മേഖലകളിലെയും ബോധപൂർവ്വമായ ഇടപെടൽ ഗാന്ധി കാണുന്നു. (ദാദാഭായ് നവറോജിയെ പോലുള്ള ആധുനീകർ തന്നെ സാമ്പത്തീക ചോർച്ചയെക്കുറിച്ച് പറഞ്ഞത് കൂട്ടി വായിക്കുക). ഈ മാറ്റത്തിന്റെ (tranfomation) കാലമായതുകൊണ്ടായിരിക്കാം സ്വന്തം നാഗരികതയുടെ തടവിൽ കിടന്ന് അന്ധനാവാതിരിക്കാൻ ഗാന്ധിക്കു കഴിഞ്ഞത്. ഗാന്ധി നിലവിലുള്ളതും പഴയതും അടിച്ചേൽപ്പിക്കപ്പെടുന്നതുമായ നാഗരികതകളെ നിരാകരിക്കുന്നു. ഒരു പുതിയ നാഗരികതയെ അന്വേഷിക്കുന്നു.

നാഗരികതയുടെ ഈ രാഷ്ട്രീയം വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടില്ല. ഈയിടെ നടന്ന ഒരു ചർച്ചയിൽ സാന്ദർഭീകമായി മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും സമാനതകളെക്കുറിച്ചും നാഗരികതകളുടെ രാഷ്ട്രീയത്തെക്കുറിച്ചും ഈ ലേഖകൻ പരാമർശിച്ചിരുന്നു. തുടർന്നു സംസാരിച്ച മാർക്സിസ്റ്റു സൈദ്ധാന്തികനായ ഒരു തൊഴിലാളി നേതാവ് മുതലാളിത്തത്തെക്കുറിച്ചോ മാർക്സിനെക്കുറിച്ചോ ഒരു ചുക്കും ചുണ്ണാമ്പുമറിയാത്തതു കൊണ്ടാണ് ഇങ്ങനെ പറയുന്നതെ

ന്നും നാഗരികതയ്ക്ക് മാർക്സ്, ഗാന്ധി ഭേദമില്ലെന്നും പറഞ്ഞ് ആക്ഷേപിക്കുകയുണ്ടായി. അത്രമേൽ അപരിചിതനാണ് ഗാന്ധി എന്നർത്ഥം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഗാന്ധിയൻമാരെന്ന പേരിൽ ഇവിടെ ഇതുവരെ പ്രവർത്തിച്ചവർ പരാജയപ്പെട്ടിരിക്കുകയാണ്.

ഈ അടുത്തകാലത്ത് നടന്ന ചില സംവാദങ്ങൾ സാക്ഷ്യപ്പെടുത്താം. മലബാർ കലാപം പ്രാദേശികമായി ഉണ്ടാക്കിയ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല. എന്നാൽ ഖിലാഫത്തിനെകുറിച്ച് പറയേണ്ടതുണ്ട്. ഖലീഫാഭരണം അവസാനിപ്പിച്ച് മുസ്തഫ കമാൽ പാഷ തുർക്കിയിൽ അധികാരമേൽക്കുന്നു. അധികാരമാറ്റം സംവിധാനം ചെയ്തത് യൂറോപ്യൻ രാഷ്ട്രീയ ശക്തികൾ. കമാൽ പാഷ ആധുനീക നാഗരികതയുടെ (യൂറോപ്യൻ നാഗരികതയുടെ) വക്താവും പ്രയോക്താവുമാകുന്നു. വിദ്യാഭ്യാസം, വേഷം, ഭാഷ എല്ലാറ്റിലും ആധുനികൻ. ഖലീഫ മതയാഥാസ്ഥികൻ. ആധുനീകതയ്ക്കെതിരെ മുഖം തിരിഞ്ഞു നിൽക്കുന്ന വ്യക്തി. ഗാന്ധി, കമാൽ പാഷയെക്കാൾ ഖലീഫയാണ് മെച്ചമെന്ന് വിലയിരുത്തുന്നു. ഇത് മതാന്ധതയെയും യാഥാസ്ഥിതികത്വത്തെയും പിൻതുണയ്ക്കുകയായിരുന്നില്ല. ആധുനിക നാഗരികത വരുത്തിയേക്കാവുന്ന വിപത്ത് മതാധിഷ്ഠിത ഭരണം വരുത്തുന്നതിനേക്കാൾ ഭീകരമാണെന്ന തിരിച്ചറിവാണത്. അമേരിക്കൻ പക്ഷപാതിയായിരുന്ന ഇറാനിലെ ഷായ്ക്കെതിരെ മതമൗലിക വാദിയായിരുന്ന അയത്തുള്ള ഖൊമേനിയെ ജനാധിപത്യ ലേകം പിന്തുണച്ചതോർക്കുക. മുതലാളിത്തം പ്രകൃതിയ്ക്കേൽപ്പിച്ച പരിക്ക് ഫ്യൂഡലിസം ഏൽപ്പിച്ചതിനേക്കാൾ ഭീകരവും അപരിഹാര്യവുമാണെന്നതുപോലെ. മുതലാളിത്തം ഫ്യൂഡലിസത്തിൽ നിന്നുള്ള അനിവാര്യവും ഗുണകരവുമായുള്ള വളർച്ചയായി ഗണിക്കപ്പെടുമ്പോഴും ഭൂമിയുടെ നിലനിൽപ്പിന് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഫ്യൂഡലിസത്തെക്കാൾ അപകടം വരുത്തിയത് മുതലാളിത്തമാണെന്ന് കാണാം.

ജാതി വ്യവസ്ഥയുടെ കാര്യത്തിലും ഗാന്ധി ഇതേ സന്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. അത് ജാതിയുടെ തിന്മയോടുള്ള യോജിപ്പുകൊണ്ടായിരുന്നില്ല. കൂടുതൽ മികച്ച ഒരു സാമൂഹ്യക്രമത്തെ പകരം വെയ്ക്കാൻ കഴിയാത്തതുകൊണ്ടായിരിക്കണം. ഏതായാലും മുതലാളിത്ത വികസനം ഒരു മാർഗ്ഗമല്ലെന്ന് ഗാന്ധി തിരിച്ചറിയുന്നുണ്ട്. പിൽക്കാലത്ത് ചർക്ക സാമ്പത്തിക വിപ്ലവത്തിന്റെയും സാമൂഹ്യ വിപ്ലവത്തിന്റെയും ആയുധമായി മാറിയത് ഈ അന്വേഷണത്തിന്റെ ഫലമായാണ്. ആധുനീകരണം കൂടുതൽ വലിയ യന്ത്രങ്ങളിലേക്ക് പുരോഗമിച്ചപ്പോൾ നിലവിലെ അധികാരി-വരേണ്യ വർഗ്ഗങ്ങൾക്ക് (സവർണ്ണർ) മനുഷ്യാദ്ധ്വാനത്തിന്റെ പേരിൽ പോലും കീഴ്ജാതിക്കാരെ ആശ്രയിക്കേണ്ടതില്ലെന്ന അവസ്ഥയാണ് ഉണ്ടായത്. ഇത് സാമൂഹ്യ അസമത്വം നിലനിർത്താനും സാമ്പത്തിക അസമത്വം വർദ്ധിക്കാനും കാരണമായി. ഉത്പാദനം വർദ്ധിക്കുന്തോറും ഉത്പാദനത്തിലെ തൊഴിലാളി പങ്കാളിത്തം കുറയുന്ന വിരോധാഭാസം ഉടലെടുത്തു.

ജനസംഖ്യയിലെ ബഹുഭൂരിപക്ഷമായ സ്ത്രീകളെയും പിന്നോക്ക, ദളിത വിഭാഗങ്ങളെയും രാഷ്ട്രീയ ശക്തിയായി മാറ്റുന്നതിന് ഗാന്ധി ശ്രമിക്കുകയും അതിൽ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തിരുന്നു. എന്നാൽ അംബേദ്കർ പോലും ചർക്കയുടെ സാമൂഹ്യ വിപ്ലവത്തിലുള്ള പങ്ക് തിരിച്ചറിഞ്ഞില്ല. നെഹ്റുവിനെ പോലെ അംബേദ്കറും ആധുനീക നാഗരികതയുടെ ആരാധകനായിരുന്നു. ഇന്നും ഇന്ത്യയിലെ ദളിതുകൾക്കും സ്ത്രീകൾക്കും അധികാരത്തിൽ അർഹമായ പങ്ക് ലഭിക്കുന്നില്ലെന്ന് കാണാം. പുരോഗമനം ഭാവിക്കുന്ന പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളുള്ള കേരളത്തിൽ ഇതുവരെ ഒരു വനിതാ മുഖ്യമന്ത്രി ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധേയമാണ്.

ദളിതുകളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും സ്ഥിതിയും വ്യത്യസ്ഥമല്ല. ഇത് കേവലം യാദൃശ്ചികതയല്ല. ഉത്പാദനത്തിലെ പങ്കാളിത്തത്തിൽ നിന്നും പുറന്തള്ളപ്പെടുന്ന വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്ക് ലഭിക്കുക എളുപ്പമല്ല. കേന്ദ്രീകൃതവും വൻകിടയുമായ ഉത്പാദന സമ്പ്രദായങ്ങൾ കേന്ദ്രീകൃതമായ അധികാരത്തെ സൃഷ്ടിക്കുന്നു മറിച്ച് കേന്ദ്രീകൃതമായ അധികാരം കേന്ദ്രീകൃതമായ ഉത്പാദനത്തിലേക്കും നയിക്കുന്നു. അധികാരത്തിന്റെയും ഉത്പാദനത്തിന്റെയും പൂർണ്ണമായ വികേന്ദ്രീകരണത്തിനുവേണ്ടി ഗാന്ധി വാദിച്ചത് ഈ സാദ്ധ്യതകളെ തിരിച്ചറിഞ്ഞായിരുന്നു. ജനാധിപത്യത്തിന് വികേന്ദ്രീകൃതമായ ഒരൊറ്റ ഭാവമേയുള്ളൂ. കേന്ദ്രീകൃത ജനാധിപത്യമെന്നത് ജനാധിപത്യമേയല്ല.

ഗാന്ധിയെയും മാർക്സിനെയും സൂക്ഷ്മമായി വിലിയിരുത്തികൊണ്ട് ഡോ: ലോഹ്യ പറഞ്ഞു ''ലോകം ഇന്ന് രണ്ട് സമ്പ്രദായങ്ങളുടെ പിടിയിലാണ്, മുതലാളിത്വവും കമ്യൂണിസവും. അവ രണ്ടും ഏറെക്കുറെ പൂർണ്ണമായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. മുഴുവൻ ലോകവും അവ രണ്ടിന്റെയും പിടിയിലാണ്. അതിന്റെ അനന്തര ഫലം ദാരിദ്ര്യവും യുദ്ധവുമാണ്. മൂന്നാമത്തെ ആശയം രൂപമെടുത്തു വരുന്നതേയുള്ളൂ. ലോകവേദിയിൽ അത് കുറേയൊക്കെ അറിയപ്പെടുന്നു. എന്നാൽ ഇപ്പോഴും അത് അപര്യാപ്തമാണ്. അത് ഇനിയും പൂർണ്ണമായി വിശദീകരിച്ചിട്ടില്ല. അത് ഒരു തുറന്ന പുസ്തകമാണ്. ഒരു തുറന്ന സമ്പ്രദായത്തിൽ സത്യത്തിനും പുരോഗതിയ്ക്കുമുള്ള സ്ഥാനമുണ്ട്. അടയ്ക്കപ്പെട്ട സമ്പ്രദായം സത്യത്തോട് അനീതിയും അക്രമവും ചെയ്യുന്നു. മുതലാളിത്തവും കമ്യൂണിസവും അടയ്ക്കപ്പെട്ട സമ്പ്രദായങ്ങളായതുകൊണ്ട് ഗാന്ധിജിക്ക് അവയെ സ്വാധീനിക്കാൻ കഴിയുമോ എന്നത് സംശയമാണ്. എന്നാൽ ഒരു തുറന്ന സിദ്ധാന്തമായ സോഷ്യലിസത്തിന് ഗാന്ധിജിയുടെ പ്രവർത്തികൾ ഒരു അരിപ്പയായി ഉപകരിക്കാം. ആ അരിപ്പയിലൂടെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഒഴുകി അവയിലെ അഴുക്കും മാലിന്യങ്ങളും അരിച്ചു മാറ്റണം. അപ്പോൾ സോഷ്യലിസത്തിന് നിറപ്പകിട്ടുണ്ടാകും. മുതലാളിത്വത്തെയും കമ്യൂണിസത്തെയും ഗാന്ധിജിയുടെ പ്രവർത്തികൾ സ്വാധീനിക്കുമെങ്കിൽ ഞാനായിരിക്കും അതിൽ ഏറ്റവും സന്തുഷ്ടൻ. എന്നാൽ അതിനുള്ള സാദ്ധ്യതയെക്കുറിച്ച് ഞാൻ സംശയാലുവാണണ്.''

ഗാന്ധിയിലെ വിപ്ലവകാരിയെ കണ്ടെത്താനും ആ ചിന്തകളെ മുന്നോട്ട് കൊണ്ടുപോകാനും ലോഹ്യയ്ക്ക് കഴിഞ്ഞു. മാർക്സ് ഗാന്ധി സോഷ്യലിസം എന്ന ഗ്രന്ഥത്തിൽ ലോഹ്യ ഇത് വിശദീകരിക്കുന്നു. നവസാമൂഹ്യ പ്രസ്ഥാനങ്ങളും പരിസ്ഥിതി വാദികളും ഈ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നു എന്നുള്ളത് പ്രതീക്ഷയേകുന്നു.